LIBRARY ARCHIVES Kerala Legislative Assembly

മണ്ണാർക്കാട് താലൂക്കിലെ കർഷകർക്കുണ്ടായ നഷ്ടം

120 [2737] ശ്രീ. കളത്തിൽ അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ മണ്ണാർക്കാട് താലൂക്കിൽ വരൾച്ച മൂലം കാർഷിക വിളകൾക്കുണ്ടായ നഷ്ടം എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര എന്നു വെളിപ്പെടുത്താമോ;

(ബി) ഓരോ ഇനത്തിലും കണക്കാക്കിയിരിക്കുന്ന നഷ്ടം എത്ര വീതമാണ്;

(സി) കർഷകർക്ക് നഷ്ടപരിഹാരം നൽകാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ഉത്തരം

(എ) 6,33,90,466 രൂപയുടെ നഷ്ടമുണ്ടായതായി കണക്കാക്കിയിട്ടുണ്ട്.

(ബി) ഓരോ ഇനത്തിലും കണക്കാക്കിയിട്ടുള്ള നഷ്ടം ചുവടെ ചേർക്കുന്നു.

1.	നെൽകൃഷി	..	34,48,350	രൂപ
2.	വാഴ കുലച്ചത്	..	35,77,800	,,
3.	വാഴ കുലയ്ക്കാത്തത്	..	80,17,416	,,
4.	കമുക് കായ്ക്കുന്നത്	..	12,58,200	,,
5.	കമുക് കായ്ക്കാത്തത്	..	2,32,85,700	,,
6.	തെങ്ങ് കായ്ക്കുന്നത്	..	99,05,400	,,
7.	തെങ്ങ് കായ്ക്കാത്തത്	..	4,33,800	,,
8.	തെങ്ങിൻ തൈ	..	1,66,200	,,
9.	പച്ചക്കറി	..	12,52,480	,,
10.	കശുമാവ് കായ്ക്കുന്നത്	..	5,400	,,
11.	കശുമാവ് കായ്ക്കാത്തത്	..	2,67,480	,,
12.	ജാതി കായ്ക്കുന്നത്	..	7,200	,,
13.	ജാതി കായ്ക്കാത്തത്	..	15,900	,,
14.	പൈനാപ്പിൾ	..	7,500	,,
15.	മരച്ചീനി	..	11,160	,,
16.	റബ്ബർ ടാപ്പു ചെയ്യുന്നത്	..	1,59,480	,,
17.	റബ്ബർ ടാപ്പ് ചെയ്യാത്തത്	..	18,600	,,
18.	കാപ്പി കായ്ക്കുന്നത്	..	2,54,880	,,
19.	കുരുമുളക്	..	1,12,97,520	,,
	ആകെ	..	6,33,90,466	,,

(സി) ഉണ്ട്. കർഷകർക്ക് നഷ്ടപരിഹാരമായി 1,10,75,797 (ഒരു കോടി പത്ത് ലക്ഷത്തി എഴുപത്തയ്യായിരത്തി എഴുന്നൂറ്റി തൊണ്ണൂറ്റി ഏഴ്) രൂപ വിതരണം ചെയ്തിട്ടുണ്ട്.

കാർഷിക വിലയിടിവുമൂലമുള്ള നഷ്ടം നികത്താൻ കർഷകർക്ക് സഹായം

121 [2738] ശ്രീ. കെ. പി. രാജേന്ദ്രൻ:
,, പി. നാരായണൻ:
,, പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാർഷിക കടവും വിലയിടിവും വിളനാശവുംമൂലം ആത്മഹത്യ ചെയ്ത കൃഷിക്കാരുടെ കുടുംബങ്ങൾക്ക് 2004 ജനുവരിക്കുശേഷം ഇതുവരെയായി സംസ്ഥാന സർക്കാർ എന്തൊക്കെ സഹായങ്ങൾ ആശ്വാസ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും നൽകിയിട്ടുണ്ടെന്നും വിശദമാക്കാമോ;

(ബി) ആത്മഹത്യ ചെയ്ത കൃഷിക്കാരുടെ കുടുംബങ്ങൾക്ക് സഹായം നൽകുന്നതിനായി കേന്ദ്ര സർക്കാർ എത്ര കോടി രൂപ സംസ്ഥാന ഗവൺമെന്റിന് സഹായമായി നൽകിയെന്ന് വിശദമാക്കാമോ; ഈ തുക ഏതു വിധത്തിലാണ് വിനിയോഗിച്ചതെന്ന് വിശദമാക്കാമോ;

(സി) കൃഷിക്കാരുടെ ആത്മഹത്യ സംസ്ഥാനത്ത് വർദ്ധിച്ചുവരുന്നത് കണക്കിലെടുത്ത് ഈ സാഹചര്യം ഒഴിവാക്കി കൃഷിക്കാരെ സംരക്ഷിക്കുന്നതിന് ഈ ഗവൺമെന്റ് പ്രത്യേകമായ എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

(ഡി) കേന്ദ്ര സർക്കാർ ഇപ്പോൾ നൽകിയ 186 കോടി രൂപ ഏതൊക്കെ ആവശ്യങ്ങൾക്കാണെന്ന് വ്യക്തമാക്കാമോ;

(ഇ) വമ്പിച്ച വിലയിടിവ് നേരിടുന്ന കാപ്പി, അടയ്ക്ക, ഏലം, വാനില, കുരുമുളക് എന്നിവയുടെ വില പിടിച്ചുനിർത്താനോ, കൃഷിക്കാർക്ക് നഷ്ടം നികത്തുന്നതിന് പ്രത്യേകം സഹായം നൽകുന്നതിനോ എന്തെങ്കിലും പദ്ധതികൾ സംസ്ഥാന ഗവൺമെന്റ് ആവിഷ്കരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കാർഷിക കടവും വിലയിടിവും വിളനാശവും മൂലം ആത്മഹത്യ ചെയ്ത കൃഷിക്കാരുടെ കുടുംബങ്ങളെ സഹായിക്കാനായി സർക്കാർ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

† അനുബന്ധം XVIII

LIBRARY ARCHIVES Kerala Legislative Assembly